6868
16/6/15

കേരള സർക്കാർ

സംഗ്രഹം

സാമൂഹ്യനീതി വകുപ്പ് - ഓർഫനേജ് കൺട്രോൾ ബോർഡിന്റെ ചെലവുകൾക്കായി നടപ്പുസാമ്പത്തിക വർഷം അനുവദിച്ച തുകയുടെ ആദ്യ ഗഡു ഓർഫനേജ് കൺട്രോൾ ബോർഡ് മെമ്പർ സെക്രട്ടറിയുടെയും ചെയർമാന്റെയും പേരുലുള്ള പി.ഡി അക്കൗണ്ടിലേയ്ക്ക് മാറ്റുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

==========================================================================

സാമൂഹ്യനീതി (സി) വകുപ്പ്

സ.ഉ.(സാധാ) നം.352/2015/സാനീവ തിരുവനന്തപുരം , തീയതി, 10.06.2015

==========================================================================

പരാമർശം : ഓർഫനേജ് മെമ്പർ സെക്രട്ടറിയുടെ 20.04.2014 ലെ OCB1/10789/2014 നം. കത്ത്.

ഉത്തരവ്

ഓർഫനേജ് കൺട്രോൾ ബോർഡിന്റെ ചെലവുകൾ നിർവ്വഹിക്കുന്നതിനായി നടപ്പു സാമ്പത്തിക വർഷം ബഡ്ജറ്റിൽ വകയിരുത്തിയ തുക 2235-02-104-89-31 (NP) GIA General Salary ശീർഷകത്തിലെ 22,50,000/- രൂപയും 2235-02-104-89-36 (NP) GIA General Non Salary ശീർഷകത്തിലെ 8,47,000/- രൂപയും ചേർത്ത് ആകെ 30,97,000/- രൂപ ഓർഫനേജ് കൺട്രോൾ ബോർഡ് ചെയർമാന്റെയും മെമ്പർ സെക്രട്ടറിയുടെയും പേരിലുള്ള PD അക്കൗണ്ടിലേയ്ക്ക് മാറിയിടുന്നതിന് അനുമതി നൽകണമെന്ന് ഓർഫനേജ് കൺട്രോൾ ബോർഡ് മെമ്പർ സെക്രട്ടറി പരാമർശത്തിലെ കത്തു പ്രകാരം ആവശ്യപ്പെട്ടിരിക്കുന്നു.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. നടപ്പു സാമ്പത്തിക വർഷം ബഡ്ജറ്റിൽ 2235-02-104-89-31 (NP) Grant in aid General salary എന്ന ശീർഷകത്തിൽ വകയിരുത്തിയ 22,50,000/- രൂപയിൽ 7,50,000/- ( ഏഴുലക്ഷത്തി അമ്പതിനായിരം രൂപ) രൂപയും 2235-02-104-89-36 (NP)GIA General Non Salary ശീർഷകത്തിൽ വകയിരുത്തിയ 8,47,000/- രൂപയിൽ 2,82,000/- (രണ്ട് ലക്ഷത്തി എൺപത്തിരണ്ടായിരം രൂപ മാത്രം) രൂപയും ആദ്യ ഗഡുവായി ഓർഫനേജ് കൺട്രോൾ ബോർഡിന്റെ ചെലവുകൾക്കായി ഓർഫനേജ് കൺട്രോൾ ബോർഡ് ചെയർമാന്റെയും മെമ്പർ സെക്രട്ടറിയുടെയും പേരിൽ തിരുവനന്തപുരം ജില്ലാ ട്രഷറിയിൽ ആരംഭിച്ച 2283/1 പി.ഡി അക്കൗണ്ടിലേയ്ക്ക് മാറ്റുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം
കെ.എം. ലീലാമണി
അഡീഷണൽ സെക്രട്ടറി

സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം
മെമ്പർ സെക്രട്ടറി, ഓർഫനേജ് കൺട്രോൾ ബോർഡ്, വികാസ് ഭവൻ, തിരുവനന്തപുരം
ജില്ലാ ട്രഷറി ഓഫീസർ, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരള, തിരുവനന്തപുരം
ധനകാര്യ വകുപ്പ് (38504/WW2/15/ധന പ്രകാരം)
വെബ് & ന്യൂ മീഡിയാ വിഭാഗം
കരുതൽ ശേഖരം, ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ